## <u>കെൽട്രോണിൽ നിന്നും **(SPARK) DDO** മാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ്(DSC) ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.</u>

1. **DSC** പുതുക്കുന്നതിനും പുതിയത് വാങ്ങുന്നതിനുമായി **Authorisation letter** നിർദ്ദേശങ്ങളും ലഭിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

   Email: **dscsupport@keltron.org**

2. DSC പുതുക്കുന്നതിനും പുതിയത് വാങ്ങുന്നതിനുമായി Authorisation letter ന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് കെൽട്രോണിൽ സമർപ്പിക്കേണ്ടതില്ല.
3. പകരം Authorisation letter ന്റെയും അനുബന്ധ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഒരു Single PDF ഫയൽ ആയിട്ടും, പാസ്പോർട്ട് സൈസ് ഫോട്ടോ JPEG ഫയൽ ആയിട്ടും dscsupport@keltron.org എന്ന e-mail വിലാസത്തിൽ അയച്ചുതരുക.

### <u>**Authorisation letter** പൂരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.</u>

- അപേക്ഷകന്റെ പദവി അയാളുടെ Official Gov.ID കാർഡിന് തുല്യമായിരിക്കണം. അപേക്ഷകന് ഐഡി കാർഡ് ഇല്ലെങ്കിൽ, തിരിച്ചറിയൽ ഫോമിന്റെ കത്ത് പൂരിപ്പിക്കുക (Letter of identity).

- അപേക്ഷകന്റെ പേര് സ്പാർക്ക് ഐഡി / ആധാർ കാർഡ് പ്രകാരമാണെന്ന് ഉറപ്പാക്കുക.

- Authorising Person ന്റെ പദവി Authorisation letter ലും അയാളുടെ Official Gov.ID കാർഡിലും (Official സ്റ്റാമ്പും) സമാനമായിരിക്കണം.

പൂർണ്ണമായ അപേക്ഷയും (Single pdf format) പാസ്പോർട്ട് സൈസ് ഫോട്ടോയും (JPEG format) dscsupport@keltron.org എന്ന ഇമെയിൽ വിലാസത്തിൽ ലഭിച്ചാൽ ഉടൻ തന്നെ DSC ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. അതിൻെറ ഭാഗമായി അന്നേദിവസം അല്ലെങ്കിൽ തൊട്ടടുത്ത ദിവസമോ തന്നെ ആപ്ലിക്കേഷൻ രജിട്രർ ചെയ്തതിന്റെ ഓർഡർ ഐഡി (ORID), നിങ്ങളുടെ മൊബൈൽ നമ്പറിൽ ലഭിക്കുന്നതാണ്.

തുടർന്ന് ചുവടെ പറയുന്ന **3** പരിശോധനകൾ പൂർത്തീകരിക്കേണ്ട താണ്.

a) Mobile verification
b) email verification
c) Video verification

**(a) Mobile verification**

Application process ചെയ്യുമ്പോൾ തന്നെ രജിസ്ട്രേഡ് മൊബൈൽ നമ്പറിലേക്ക് ഒരു OTP മെസേജ് ലഭിക്കുന്നതാണ്. അതിൻറെ ചുവടെ കാണുന്ന ലിങ്കിൽ ക്ലിക്ക് ചെയ്തു OTP വെരിഫൈ ചെയ്യാവുന്നതാണ് അത് "Mobile verification completed successfully" എന്ന സന്ദേശം കാണാൻ കഴിയും. (OTP Validity 15minutes)

**(b) Email verification**

Mobile verification നോടൊപ്പം തന്നെ രജിസ്ട്രേഡ് ഇ-മെയിലിലേക്ക് ഒരു വെരിഫിക്കേഷൻ മെയിൽ ലഭിക്കുന്നതാണ് അതിനു ചുവടെ കാണുന്ന verify your email ലിങ്കിൽ ക്ലിക്ക് ചെയ്തു ഇമെയിൽ വെരിഫിക്കേഷൻ പൂർത്തീകരിക്കുക.

**(c) Video verification**

രജിസ്ട്രേഡ് മൊബൈൽ നമ്പറിലോ ഇമെയിലോ ലഭിക്കുന്ന Video verification Link ലിങ്കിൽ ക്ലിക്ക് ചെയ്തിട്ടോ അല്ലെങ്കിൽ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും Capricorn Customer Application ഡൗൺലോഡ് ചെയ്തിട്ടോ 30 സെക്കൻഡ് ദൈർഘ്യമുള്ള വീഡിയോ അപ്‌ലോഡ് ചെയ്തു വീഡിയോ വെരിഫിക്കേഷൻ പൂർത്തീകരിക്കുക.

വീഡിയോ വെരിഫിക്കേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1.മാസ്ക് ഉപയോഗിക്കാൻ പാടുള്ളതല്ല.

2.സ്ക്രീനിൽ കാണുന്ന വാക്യങ്ങൾ നിർബന്ധമായി വായിക്കേണ്ടതാണ്.

3.Orginal PANCard,Aadhaar card, Offcial ID card Authorisation Letter വീഡിയോയിൽ കാണിക്കേണ്ടതാണ്.

4. 30 സെക്കൻഡിനുള്ളിൽ വീഡിയോ പൂർത്തീകരിക്കേണ്ട താണ്.

മുകളിൽ സൂചിപ്പിച്ച 3 പരിശോധനകളും പൂർത്തീകരിച്ചതിനുശേഷം രണ്ടു മണിക്കൂർ സമയപരിധി കഴിയുമ്പോൾ തന്നെ "Ready to download your DSC" എന്ന സന്ദേശം മൊബൈലിലും ഇമെയിലിലും ലഭിക്കുന്നതാണ്. ആ മെസ്സേജ് കാണിച്ചു KELTRON / ഡിസ്ട്രിക്ട് ട്രഷറികളിലെ Keltron Staff കളിൽ നിന്നും DSC dowload ചെയ്തു വാങ്ങാവുന്നതാണ്.

രണ്ടുമണിക്കൂർ സമയപരിധിക്കുള്ളിൽ "Ready to download your DSC" മെസ്സേജ് ലഭിക്കാത്തവർ ചുവടെ ചേർത്തിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്തു അവരുടെ Application Status മനസ്സിലാക്കാൻ ORID യും പിൻകോഡും നൽകുക.

**https://www.certificate.digital/track-dsc-status/**

*കൂടുതൽ വിവരങ്ങൾക്കായി*

DSC Support Centre KELTRON

For Application & Enquiry: - +91 8078 018 474

For Technical support: - +91 6282 292 995

**e-mail:dscsupport@keltron.org**

Digital Signature Support Centre KELTRON

IT Infrastructure Services,

Keltron House, Vellayambalam, Thiruvananthapuram, Kerala, Pin - 695033

Phone: 0471-2724444, 4094444 **Extension.308**